ബാങ്കുകളുടെ പ്രവർത്തനങ്ങൾക്കായി ചില ടൗണുകളെ നോട്ടിഫൈഡ് ടൗൺ ആയി നിശ്ചയിക്കുന്നതിനുള്ള വ്യവസ്ഥകൾ

211 [3183] *ശ്രീ. തോമസ് ഉണ്ണിയാടൻ:*
„ *സ്റ്റീഫൻ ജോർജ്ജ്:*
„ *ജോസഫ് എം. പുതുശ്ശേരി:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന പോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാങ്കുകളുടെ പ്രവർത്തനങ്ങൾക്കായി ചില ടൗണുകളെ "നോട്ടിഫൈഡ് ടൗണുകൾ" ആയി പ്രഖ്യാപിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ഒരു നഗരത്തെ "നോട്ടിഫൈഡ് ടൗൺ" ആയി നിശ്ചയിക്കുന്നതിന്റെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നോട്ടിഫൈഡ് ടൗണുകളിലുള്ള ബാങ്കിൽ മാത്രമേ വസ്തു സംബന്ധമായ രേഖകൾ മോർട്ട്ഗേജ് ചെയ്യാൻ സാധിക്കുകയുള്ളൂ. (നാഷണൽ ആന്റ് ഷെഡ്യൂൾഡ്) എന്നതുമൂലം ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരായ ജനങ്ങൾക്ക് വളരെക്കൂടുതൽ ദൂരം യാത്ര ചെയ്ത് ടൗണിലെത്തി രേഖകൾ ഡെപ്പോസിറ്റു ചെയ്യേണ്ടിവരുന്നതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ നോട്ടിഫൈഡ് ടൗണിന്റെ വ്യവസ്ഥകൾ പാലിക്കുന്ന മറ്റു ഗ്രാമ/നഗരപ്രദേശങ്ങളെക്കൂടി നോട്ടിഫൈഡ് ടൗൺ ആയി പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) മേൽപ്പറഞ്ഞ നോട്ടിഫൈഡ് ടൗൺ സംബന്ധിച്ച കാര്യങ്ങൾ സംസ്ഥാനത്തെ ഏതു ഡിപ്പാർട്ട്മെന്റാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റ്റി. പി. ആക്ട് 58 (എഫ്) വകുപ്പുപ്രകാരം സംസ്ഥാന സർക്കാരിന് ഇതിനുള്ള അധികാരം ഉണ്ട്. പൊതുജനങ്ങളിൽനിന്നും പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങളിൽനിന്നുമുള്ള അപേക്ഷ പരിഗണിച്ചാണ് ഇതു ചെയ്യുന്നത്.

(സി) & (ഡി) ഉണ്ട്. കൂടുതൽ പ്രദേശങ്ങൾ നോട്ടിഫൈഡ് സെന്റേഴ്സായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ നികുതി വകുപ്പാണ് ഇതു സംബന്ധിച്ച വിഷയം കൈകാര്യം ചെയ്യുന്നത്.

GPM. 2/609/2012—30

LIBRARY ARCHIVES Kerala Legislative Assembly